എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

54 (421) ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) (1) കുട്ടികൾക്കിടയിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുക

(2) പുതുതലമുറയെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിപ്പിക്കുക

(3) പുതുതായി കണ്ടുപിടിക്കപ്പെട്ട ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക

(4) കുട്ടികൾക്കിടയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

(സി) എനർജി മാനേജ്മെന്റ് സെന്ററിന് കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഓരോ ജോയിന്റ് കോ-ഓർഡിനേറ്റർമാരും തെരഞ്ഞെടുക്കപ്പെട്ട് പ്രവർത്തിക്കുന്നു. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE)-യുടെ സഹായത്തോടുകൂടിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം (SEP)-ന്റെ പ്രവർത്തനം. എല്ലാ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, പ്രൈവറ്റ് സ്കൂളുകൾക്കും സ്മാർട്ട് എനർജി പ്രോഗ്രാമിൽ അംഗമാകാം.

LIBRARY ARCHIVES Kerala Legislative Assembly